പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2195 | 13.06.2019 ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.പി.ടി.എ. റഹീം
ശ്രീ. റ്റി.വി.രാജേഷ്
ശ്രീ. സി. കെ. ശശീന്ദ്രൻ
ശ്രീ. ഡി.കെ. മുരളി

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് പിടിച്ച് നിർത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | സബ്സിഡി നിരക്കിൽ പതിനാലിനം അവശ്യ സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യ ധാന്യങ്ങൾ പൊതുവിപണിയിലേതിനേക്കാൾ10 മുതൽ 20%വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ ശബരി ബ്രാൻഡിലും എം.ആർ.പി യേക്കാൾ ശരാശരി 5 മുതൽ 30% വരെ വിലക്കുറവിൽ FMCG(Fast moving consumer goods)സാധനങ്ങളും ലഭ്യമാക്കി വരുന്നു. സബ്സിഡി സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി 2018 ഓഗസ്റ്റ് മുതൽ ഓൺലൈൻ സംവിധാനം ഉപയോഗിച്ചുള്ള ബില്ലിംഗ് ഏർപ്പെടുത്തുകയും വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഗൃഹോപകരണങ്ങളുടെയും കുപ്പി വെള്ളത്തിന്റെയും വിൽപ്പന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | സപ്ലൈകോ പുതുതായി മാവേലിസ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ആരംഭിച്ചിട്ടുണ്ടോ; | (സി) | സപ്ലൈകോ പുതുതായി 41 മാവേലിസ്റ്റോറുകളും 8 സൂപ്പർ മാർക്കറ്റുകളും 5 മാവേലി സൂപ്പർ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | അവശ്യ വസ്തുക്കളുടെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതിന് സപ്ലൈകോ നടത്തുന്ന വിപണി ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | പൊതുവിപണിയിലേതിനേക്കാൾ ശരാശരി 20% മുതൽ 50% വരെ വിലക്കുറവിൽ സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തി സപ്ലൈകോ കാര്യക്ഷമമായ വിപണി ഇടപെടലുകൾ നടത്തി വരുന്നു. നാഫെഡ് മുഖേനയും ഇ-ഓക്ഷൻ, ഇ-ടെണ്ടർ വഴിയും ഭക്ഷ്യ സാധനങ്ങൾ സംഭരിക്കുന്നതിനാൽ വിപണിയിൽ വില സ്ഥിരത ഉറപ്പ് വരുത്താൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ